Official Monthly Bulletin March 2020

# MARIAN



St.Mary's Indian Orthodox Cathedral
P.O.Box 834, Manama Kingdom of Bahrain, 17252980 17276092
info@stmarysbahrain.com www.stmarybahrain.com, /smiocbh





## ഇടയസന്ദേശം

''ത്രിയേക ദൈവത്തിന് സ്തുതി''

കർത്താവിൽ പ്രിയരെ,

ആത്മാവിന് ഉണർവ്വും, ചൈതന്യവും, മനസ്സിന് സംയമനവും, ഇന്ദ്രീയങ്ങൾക്ക് അടക്കവും, ശരീരത്തിന് നിയന്ത്രണവും പ്രദാനം ചെയ്യുന്ന പരിശുദ്ധ നോമ്പാകുന്ന തീർത്ഥയാത്രയിൽ നാം മുഴുകിയിരിക്കുന്നു. വ്യത്യസ്തമായൊരു ജീവിതശൈലിയ്ക്കായി നമ്മെ ആഹ്വാനം ചെയ്യുന്ന നോമ്പെന്ന ഈ ആത്മീയ യാത്രയിൽ നമ്മെത്തന്നെ ദൈവസന്നിധിയിൽ ശോധന ചെയ്യുവാനും, നമ്മിലെ കുറവുകളെ കണ്ടെത്തുവാനും നഷ്ടപ്പെട്ട ജീവിത വിശുദ്ധി തിരികെ പ്രാപിക്കാനും, ദൈവസന്നിധിയിൽ സമ്പൂർണ്ണമായി സമർപ്പിച്ച് അനുഗ്രഹങ്ങളെ സ്വീകരിക്കുവാനും നമുക്ക് ഇടയായിത്തീരണം. നോമ്പിന്റെ നാൾവഴികളിലൂടെ നാം പ്രയാണം ചെയ്യുമ്പോൾ യേശു പ്രവർത്തിച്ച് സുവിശേഷങ്ങളിൽ പരാമർശിക്കുന്നതായ അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ഒരു നിരതന്നെ ധ്യാന വിഷയങ്ങളായി നമുക്ക് ലഭിക്കുന്നുണ്ട്. കാനാവിലെ കല്യാണ വിരുന്നും, കുഷ്ഠരോഗിയുടെയും, പക്ഷവാത രോഗിയുടെയും, കൂനിയുടെയും സൗഖ്യവും, കനാന്യ സ്ത്രീയുടെ മകളുടെ പൈശാചിക ബന്ധനത്തിൽ നിന്നുള്ള വിടുതലും, അന്ധനായ മനഷ്യന്റെ കാഴ്ച്ച പ്രാപിക്കലുമെല്ലാം നമ്മുടെ ആത്മീയ ജീവിതത്തിൽ പടിപടിയായി ഉണ്ടാകേണ്ട പശ്ചാത്താപവും, അനുതാപവും, മാനസാന്തരവും, രൂപാന്തരവും, ജീർണ്ണോദ്ധാരണവും, ഉത്കൃഷ്ഠമായ ആത്മീയ ദർശനവും വിളിച്ചറിയിക്കുന്നവയാണ്.

ലോകം ഇന്ന് ആശങ്കകളുടെയും, ഭീതിയടെയും മുൾമുനയിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്നു. കൊറോണ (കോവിഡ്–19) തീർക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ ലോകത്ത് അനുദിനവും വർദ്ധിച്ചു വരുന്നു. മനുഷ്യ ബുദ്ധിയും, ശാസ്ത്രവും നിഷ്പ്രഭമാകുന്ന ഇത്തരം സാഹചര്യങ്ങളിൽ ദൈവാശ്രയ ബോധം നമ്മിൽ കൂടുതലായുണ്ടാകണം. അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്ന വിശ്വാസിയോട് ഒരു അനർത്ഥവും നിനക്കു ഭവിക്കയില്ല, ഒരു ബാധയും നിന്റെ കൂടാരത്തിൽ അടുക്കുകയുമില്ല എന്ന് സങ്കീർത്തകനായ ദാവീദ് ഓർമ്മിപ്പിക്കുന്നുണ്ട്. ''പ്രതിരോധത്തിന്റെ ഇരുഭിത്തികളാകുന്ന നോമ്പിലും, ആത്മനിയന്ത്രണത്തിലും ജീവിക്കുന്നവർ വലിയ സമാധാനം അനുഭവിക്കും'' എന്ന പാലമസിലെ വിശുദ്ധ ഗ്രിഗറിയുടെ വാക്കുകൾ ഇതോടു ചേർത്ത് നാം ധ്യാനിക്കണം. കുഷ്ഠരോഗിയെ കൈതൊട്ട് സൗഖ്യമാക്കിയ കർത്താവിന് കൊറോണ ബാധിതരെയും കരം തൊട്ട് സുഖപ്പെടത്തുവാൻ സാധിക്കും എന്ന് നാം വിശ്വസിക്കുകയും പ്രാർത്ഥിക്കകയും സമർപ്പിക്കുകയും ചെയ്യണം.

ഈ കാലഘട്ടത്തിൽ സമാഗതമാകുന്ന വചനിപ്പ് പെരുന്നാൾ മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ഭൂമിയിലേയ്ക്കുള്ള വരവിനെക്കുറിച്ച് മുൻകൂട്ടിയുള്ള അറിയിപ്പാണ്. ദൈവം നമ്മോടുകൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നു എന്ന മുന്നറിയിപ്പ് കന്യകമറിയാമിനെപ്പോലെ അതിന്റെ പൂർണ്ണതയിൽ ഉൾക്കൊള്ളുവാനായാൽ ഇന്നിന്റെ ഭീതിയും ആശങ്കയുമെല്ലാം നമ്മെ വിട്ടൊഴിയും. ആയതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സംഗതിയാക്കട്ടെ എന്ന പ്രാർത്ഥനയോടെ...

ക്രിസ്തുവിൽ നിങ്ങളുടെ ഇടയർ

ഫാ. ഷാജി ചാക്കോ
(വികാരി)
frshajichacko@gmail.com
Mob:39445358

ഫാ. ബിജു ഫിലിപ്പോസ് കാട്ടുമറ്റത്തിൽ
(അസി. വികാരി)
frkpvarghese@gmail.com
Mob:39584020





കർത്താവിൽ പ്രിയ സഹോദരി സഹോദരങ്ങളെ,

അനുഗ്രഹകരമായി ഒരു മാസം കൂടി കടന്നു പോയി. ഇന്നുവരേയും നമ്മെ കാത്തുപരിപാലിച്ച ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടു കൂടി സ്തുതിക്കാം. ഫെബ്രുവരി 7 ാം തിയതി കൂടിയ ജനറൽ ബോഡി കത്തീഡ്രലിനെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ തീരുമാനങ്ങളാണ് കൈക്കൊണ്ടത്. ചർച്ച് എക്സ്പാൻഷന് വേണ്ടിയുള്ള കരാറുകൾ ഉറപ്പിച്ചു. എത്രയും പെട്ടെന്ന് പണികൾ തീർക്കുവാനുള്ള ശ്രമത്തിലാണ് നമ്മൾ. എല്ലാവരുടേയും ദൈനം ദിന പ്രാർത്ഥനകളിൽ ഈ കാര്യം സമർപ്പിച്ച് പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സി.ബി.ഇ.ഇ.സി. കമ്മറ്റിയുടെ പ്രവർത്തനങ്ങൾ അത്യന്തം ശ്യാഘനീയമാണ് അതിന് നേതൃത്വം നൽകുന്ന എല്ലാവരേയും അഭിനന്ദിക്കുകയും, ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നു. നമ്മൾ താൽകാലികമായി എടുത്തിട്ടുള്ള വില്ലയുടെ അറ്റുകുറ്റ പണികൾ നടന്നു വരുന്നു. അതിന് നേതൃത്വം നൽകുന്ന മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും സി.ബി.ഇ.ഇ.സി. അംഗങ്ങളെയും അഭിനന്ദിക്കുന്നു. നമ്മുടെ പുറകിലെ ഹാളിലുള്ള എല്ലാ സാധനങ്ങളും താൽകാലിക വില്ലയിലേക്ക് മാറ്റാൻ സഹകരിച്ച എല്ലാവർക്കും നന്ദി അറിയിക്കട്ടെ.

ഫെബ്രുവരി മാസത്തിൽ നടന്ന സബ്റോ പ്രാർത്ഥന അനുഗ്രഹകരമായി നടന്നു. കഞ്ഞി തയ്യാറാക്കിയവർക്കും സാമ്പത്തികമായി സഹായം നൽകിയവർക്കും, വന്നു ചേർന്ന എല്ലാവരോടുമുള്ള സ്നേഹം അറിയിക്കുന്നു.

നാം വി. വലിയ നോമ്പിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഏവർക്കും അനുഗ്രഹകരമായ നോമ്പു കാലം ആശംസിക്കുന്നു. കൊറോണ വൈറസിനാൽ കഷ്ടപ്പെടുന്ന എല്ലാവർക്കും ദൈവം ആശ്വാസം നൽകട്ടേയെന്നും, പകർച്ച വ്യാധികളിൽ നിന്ന് എല്ലാവരേയും ദൈവം തമ്പുരാൻ കാത്തു പരിപാലിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

സ്നേഹത്തോടെ,

സി. കെ. തോമസ്
(കത്തീഡ്രൽ ട്രസ്റ്റി)

ജോർജ്ജ് വർഗ്ഗീസ്
(കത്തീഡ്രൽ സെക്രട്ടറി)

## Heartfelt Condolence

Former Cathedral Member (Roll No. 613)

Jacob Varughese (75)
Chirathalakkal, Eraviperoor, Thiruvalla

Taken to heavenly abode on 26.02.2020



## Farewell



നാട്ടിലേക്ക് യാത്രയാകുന്ന സൽമാബാദ്-ബുദ്ധയ്യ ഏരിയ മെമ്പർ ശ്രീ. ജോയി തോമസിനും കുടുംബത്തിനും (Roll No. 262) യാത്രയയപ്പ് നൽകി.



Sijo Joy (Roll No.2836)
Cheroovathur House,
Kannipayoor, Kunnamkulam.

| | |
|---|---|
| Mobile | : 33070242 |
| Home Parish | : St. George Orthodox Church Adduppputy. |
| Diocese | : Kunnamkulam. |
| Area | : Salmabad- Budaiya |



Shaiju Raju George (Roll No.2837)
Varuvasseril Veedu,
M.G. Jn., Enathu, Adoor.

| | |
|---|---|
| Mobile | : 34595052 |
| Home Parish | : Adoor Marthasmooni Orthodox Church, Kilivayal. |
| Diocese | : Adoor - Kadampanad. |
| Area | : Riffa |



Litty Joy Thomas (Roll No.2838)
Kallakadayil House,
Kudassanad, Pandalam

| | |
|---|---|
| Mobile | : 36800499 |
| Home Parish | : St. Steephen's Orthodox Cathedrel Kudassanad. |
| Diocese | : Chengannur. |
| Area | : Riffa |



Sunu Thomas (Roll No.2839)
Sunu Bhawan,
Randallamoodu, Thavoor, Kottarakkara

| | |
|---|---|
| Mobile | : 35446292 |
| Home Parish | : St. Mary's Orthodox Valiyapally Thalavoor. |
| Diocese | : Kollam. |
| Area | : Riffa |



Stephy Elizabeth Sunny (Roll No.2840)
Thaiparampil House,
Valiyathovala, Kattappana, Idukki.

| | |
|---|---|
| Mobile | : 35549262 |
| Home Parish | : St. Mary's Orthodox Church Valitathovala |
| Diocese | : Idukki |
| Area | : Adiliya/Um AlHassam |



Sony Varughese (Roll No.2841)
Ambiyil House,
Ramanchira, Thiruvalla.

| | |
|---|---|
| Mobile | : 34386692 |
| Home Parish | : St. George Orthodox Church Muthoor. |
| Diocese | : Niranam. |
| Area | : Sh.Hamad – Gafool |

## Announcements

* All cathedral activities will be announced later, in lieu of prevailing Ministry of Interior directives and precautionary measures.

## Editorial Board

*Chief Editor : Manekshaw P. Caruthedathu*
*Editors : Prince Bahanan*
*Basil Babu*



# പാവനസ്മരണയ്ക്ക്



# ആലീസ് എബ്രഹാം

**വട്ടംപറമ്പിൽ ഹൗസ്, കളത്തിപടി, കോട്ടയം**

**ജനനം: 02.08.1937** **മരണം : 10.03.2013**

വി. തോമസ് എബ്രഹാം
എ.വി. ജോർജ്ജ് & ഫാമിലി.